ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.05.2026**

## പ്രധാനവാർത്തകൾ

1. 16-ാം കേരള നിയമസഭ നിലവിൽ വന്നു. സമ്മേളനത്തിൻറെ ആദ്യ ദിവസം എം.എൽ.എമാരുടെ സത്യപ്രതിജ്ഞ നടന്നു. സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ.
2. കിഴക്കമ്പലം ഭൂമി കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് മൂന്ന് ദിവസത്തിനകം ഡി.ജി.പി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
3. പാരമ്പര്യ ജനിതക വൈകല്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ദേശീയ പദ്ധതി - ഉമ്മിദിന് രാജ്യത്ത് തുടക്കമായി.
4. പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും രാജ്യത്ത് ഇന്ധനക്ഷാമമില്ലെന്ന് ഉറപ്പ് വരുത്തിയതായി കേന്ദ്ര സർക്കാർ.
5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഏഴു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ലക്ഷദ്വീപ് തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&&&&

## കേരള നിയമസഭ

16-ാാം കേരള നിയമസഭ നിലവിൽ വന്നു. സമ്മേളനത്തിൻറെ ആദ്യ ദിവസമായ ഇന്ന് എം.എൽ.എമാരുടെ സത്യപ്രതിജ്ഞ നടന്നു. പ്രോടേം സ്പീക്കർ ജി സുധാകരന് പുറമെ 139 അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു. മഞ്ചേശ്വരം എം.എൽ.എ എ കെ എം അഷറഫ് കന്നഡയിലും ദേവികുളം അംഗം എഫ്.രാജ തമിഴിലുമാണ് സത്യപ്രതിജ്ഞ ചെയ്തത്. ജൂൺ മൂന്നു വരെയാണ് പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനം നടക്കുന്നത്.

&&&&&&&&&&&&&&&&&&

## സ്പീക്കർ തെരഞ്ഞെടുപ്പ് (ഇൻട്രോ)

നിയമസഭാ സ്പീക്കർ തെരഞ്ഞെടുപ്പ് നാളെ നടക്കും. സ്പീക്കർ സ്ഥാനത്തേക്ക് യുഡിഎഫ്, എൽഡിഎഫ്, ബിജെപി സ്ഥാനാർത്ഥികൾ മത്സരിക്കുന്നുണ്ട്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിത എം പള്ളുരുത്തി.**

(വോയ്സ്)

&&&&&&&&&&&&&&&&&&

## ഭൂമി കുടിയൊഴിപ്പിക്കൽ

എറണാകുളം കിഴക്കമ്പലം ഭൂമി കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് മൂന്ന് ദിവസത്തിനകം ഡി.ജി.പി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. പൊലീസ് നടപടികൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം വകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്തിൽ നിർദേശം നൽകി. പൊലീസ് നടപടികളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കാനും ഇത്തരത്തിലുള്ള സംഭവങ്ങൾ ഭാവിയിൽ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

RNUTVM

<u>പരോൾ - ആഭ്യന്തരമന്ത്രി</u>

കാസർഗോഡ് പെരിയ ഇരട്ടക്കൊലപാതക കേസിലെ പ്രതികൾക്ക് പരോൾ അനുവദിച്ച സംഭവത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അടിയന്തര റിപ്പോർട്ട് തേടി. എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കും. കേസിലെ അഞ്ചു പ്രതികൾക്കാണ് നിലവിൽ പരോൾ ലഭിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

<u>അന്തർ മന്ത്രാലയ വാർത്താസമ്മേളനം</u>

പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലും രാജ്യത്ത് ക്രൂഡ് ഓയിൽ, പെട്രോൾ, ഡീസൽ, പ്രകൃതിവാതകം, എൽപിജി എന്നിവയ്ക്ക് ക്ഷാമമില്ലെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം. റിഫൈനറികൾ പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എല്ലാ പെട്രോൾ പമ്പുകളിലും ഇന്ധനലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവർ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

<u>ഉമ്മീദ് പദ്ധതി</u>

പാരമ്പര്യ ജനിതക വൈകല്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ ദേശീയ പദ്ധതിയായ ഉമ്മിദിന് രാജ്യത്ത് തുടക്കമായി. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പദ്ധതി ഉദ്ഘാടനം ചെയ്തു. ജനിതക വൈകല്യങ്ങൾ തടയുന്നതിനായി രോഗനിർണ്ണയം, കൗൺസിലിംഗ്, പ്രതിരോധം, പരിശീലനം, പൊതുജനാരോഗ്യ ബോധവൽക്കരണം എന്നിവ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ആദ്യത്തെ സമഗ്ര ദേശീയ പദ്ധതിയാണിത്.

&&&&&&&&&&&&&&&&&&

## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ

സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് 2026 ലെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമല്ലെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾകളുടെ ചെലവുകൾക്കായി സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഒരു ഗ്രാന്റും ലഭിക്കുന്നില്ലെന്നതാണ് ഇതിന് കാരണം. സുതാര്യത, ഉത്തരവാദിത്തം, പങ്കാളിത്ത ഭരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും വിദ്യാഭ്യാസ മന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## സൗന്ദര്യ വർധക ഉത്പന്നങ്ങൾ

സൗന്ദര്യചികിത്സാ ക്ലിനിക്കുകളും ഉപഭോക്താക്കളും സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ കുത്തിവയ്പ്പായി ഉപയോഗിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ. സൗന്ദര്യവർദ്ധക വസ്തുക്കൾ മനുഷ്യശരീരത്തിൽ ലേപനങ്ങളായോ സ്പ്രേ ആയോ മാത്രമേ ഉപയോഗിക്കാവൂവെന്നും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ അറിയിച്ചു . സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങളിലെ നിരോധിത ചേരുവകളുടെ ഉപയോഗം, തെറ്റിദ്ധരിപ്പിക്കുന്ന അവകാശവാദങ്ങൾ, എന്നിവ നിയമലംഘനമാണെന്നും CDSCO വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ,

നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ലക്ഷദ്വീപ് തീരത്ത് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## എൻ.ഡി.ആർ.എഫ് - കൊച്ചി

RNUTVPM

മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ദേശീയ ദുരന്ത നിവാരണ സേന എറണാകുളം ജില്ലയിലെത്തി. ചെന്നൈ അറക്കോണം ആസ്ഥാനമായുള്ള എൻ.ഡി.ആർ.എഫിൻ്റെ നാലാം ബറ്റാലിയനിലെ 33 അംഗ സംഘമാണ് ജില്ലയിലെത്തിയത്. കാക്കനാട് കളക്ടറേറ്റിലെത്തിയ സേനാംഗങ്ങൾ ജില്ലാ കളക്ടർ ജി. പ്രിയങ്കയുമായി കൂടിക്കാഴ്ച നടത്തി. അതെസമയം,

മഴക്കാലത്തിൻറെ പശ്ചാത്തലത്തിൽ രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന മേഖലകളിൽ പൊതുജന സുരക്ഷയും സുഗമമായ ഗതാഗതവും ഉറപ്പാക്കുന്നതിനായി വിപുലമായ സുരക്ഷാ–ട്രാഫിക് നിയന്ത്രണ നടപടികൾ കൊച്ചി മെട്രോ ശക്തിപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ജൈവവൈവിധ്യ ദിനം

അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സംസ്ഥാനതല ശില്പശാല മന്ത്രി കെ മുരളീധരൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 'പ്രാദേശിക പ്രവർത്തനങ്ങൾ ആഗോള പ്രതിഫലനം' എന്ന

പ്രമേയത്തെ അടിസ്ഥാനമാക്കി നടക്കുന്ന ശില്പശാലയിൽ "മാതൃകാ ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ" എന്ന സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പുതിയ പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

<u>തപാൽ കവറുകൾ</u>

ജൈവ വൈവിധ്യ ദിനത്തിൽ, കേരള തപാൽ സർക്കിൾ "മൈന്യൂട്ട് ലൈഫ്" എന്ന പ്രമേയത്തെ ആസ്പദമാക്കി ആറ് പ്രത്യേക കവറുകൾ പുറത്തിറക്കും. എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസിലും ദേവികുളം, പൊന്മുടി, കൽപ്പറ്റ, അഗളി, വെള്ളായണി, പാലക്കാട് തപാൽ ഓഫീസുകളിലും പ്രത്യേക കവറുകൾ നാളെ പ്രകാശനം ചെയ്യും.

&&&&&&&&&&&&&&&&&&

<u>ഇടുക്കി - റബ്ബർ കർഷകർ (ഇൻട്രോ)</u>

കർഷകർക്ക് പ്രതീക്ഷയേകി സംസ്ഥാനത്ത് റബ്ബർ വില ഉയരുന്നു. ആർ.എസ്.എസ് നാലാം തരം റബ്ബറിന് കിലോയ്ക്ക് 260 രൂപയാണ് വില. മഴക്കാലത്ത് ഉത്പാദനം വർധിക്കുമെന്നതിനാൽ, മരങ്ങളിൽ മഴമറ ഘടിപ്പിച്ച് ടാപ്പിംഗ് നടത്താനുള്ള ഒരുക്കത്തിലാണ് കർഷകർ.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

&&&&&&&&&&&&&&&&&&

<u>ക്രിക്കറ്റ്</u>

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7:30 ന് അഹമ്മദാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

RNU TVPM

## അന്തരിച്ചു

മുതിർന്ന മാധ്യമ പ്രവർത്തകൻ കെ ജി പരമേശ്വരൻ നായർക്ക് വിട. തിരുവനന്തപുരം തൃക്കണ്ണാപുരത്തെ വീട്ടു വളപ്പിൽ സംസ്കാര ചടങ്ങുകൾ നടന്നു. തിരുവനന്തപുരം പ്രസ് ക്ലബിൽ നേരത്തെ പൊതുദർശനത്തിന് വെച്ച ഭൗതിക ശരീരത്തിൽ രാഷ്ട്രീയ - സാമൂഹ്യ- മാധ്യമ രംഗത്തെ പ്രമുഖർ അന്ത്യാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## സെൻസെക്സ്, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 174 പോയിന്റ് ഇടിഞ്ഞ് 75,154 ലും, നിഫ്റ്റി 22 പോയിന്റ് നഷ്ടത്തിൽ 23,636 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കൂടി. പവന് 360 രൂപ വർധിച്ച് ഒരു ലക്ഷത്തി 17,280 രൂപയും, ഗ്രാമിന് 14,660 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## കണ്ണൂർ സർവകലാശാല - ഇൻഷുറൻസ്

കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തുന്ന അപകട ഇൻഷുറൻസിന്റെ പോളിസി രേഖകൾ നാളെ കൈമാറും. വൈസ് ചാൻസലർ കെ.കെ.സാജു ഉത്ഘാടനം ചെയ്യും. നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. 60 രൂപ പ്രീമിയം ഈടാക്കി അഞ്ചു ലക്ഷം രൂപയുടെ പോളിസിയാണ് നൽകുന്നത്. 17,343 വിദ്യാർത്ഥികൾ പദ്ധതിയിൽ അംഗമാകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM